LSGD
തദ്ദേശ
സ്വയംഭരണ
വകുപ്പ്





ഒഴൂർ ഗ്രാമപഞ്ചായത്ത്



ഒഴൂർ ഗ്രാമപഞ്ചായത്ത്

ബജറ്റ് 2025-26



ആമുഖം

പ്രിയപ്പെട്ടവരെ,

ഒഴൂർ ഗ്രാമപഞ്ചായത്തിന്റെ **2025-26** സാമ്പത്തിക വർഷത്തേക്കുള്ള **ബജറ്റ്** അവതരണത്തിന് വേണ്ടിയാണ് നാം ഇവിടെ സമ്മേളിച്ചിരിക്കുന്നത്. ഏറെ പ്രത്യാശയോടെയാണ് **2025-26 ബജറ്റ് അവതരണം** നടത്തുന്നത്.

അധികാര വികേന്ദ്രീകരണത്തിന്റേയും, പഞ്ചായത്ത് രാജ് സംവിധാനത്തിന്റേയും ആധാര ശിലയായ ഗ്രാമസഭയിൽനിന്ന് ഉരുത്തിരിഞ്ഞുവരുന്ന നിർദ്ദേശങ്ങളാണ് വിവിധ മേഖലകളിലെ പദ്ധതികൾക്കായി ഉൾപ്പെടുത്തേണ്ടത്. പഞ്ചായത്ത്തലത്തിൽ വളരെ സജീവമായി നടന്ന ഗ്രാമസഭകൾ, വർക്കിംഗ് ഗ്രൂപ്പുകൾ വികസനസെമിനാർ എന്നിവയുടെ നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്താൻ സാധിച്ചിട്ടുണ്ട്. തനത് വരുമാനം വളരെ കുറവുള്ള നമ്മുടെ ഗ്രാമപഞ്ചായത്തിൽ പദ്ധതി പ്രവർത്തനങ്ങൾക്ക് സംസ്ഥാന കേന്ദ്ര ഗവൺമെന്റുകളുടെ ഫണ്ടുകൾ മാത്രം ആശ്രയിക്കേണ്ട അവസ്ഥയുണ്ട്. പരിമിതികൾക്കുള്ളിൽ നിന്നും കൊണ്ടാണെങ്കിലും നമ്മുടെ പഞ്ചായത്തിന്റെ സുപ്രധാനമായ ചില പ്രശ്നങ്ങളെ ശരിയായ വിധത്തിൽ അഭിമുഖീകരിക്കുന്ന തരത്തിലാണ് ഈ ബജറ്റ് രൂപകൽപ്പന ചെയ്തിട്ടുള്ളത്. കാർഷിക മേഖലയെ പുനരുജ്ജീവിപ്പിക്കുക എന്ന ജീവൽപ്രധാനമായ ദൗത്യം മുന്നിൽ കണ്ടുകൊണ്ടുള്ള നടപടികൾക്ക് ഈ ബജറ്റിൽ മുൻഗണന നൽകിയിട്ടുണ്ട്.

നമ്മുടെ പഞ്ചായത്തിലെ ജനങ്ങളുടെ ജീവിതനിലവാരം ഉയർത്തുക എന്നത് കാലം ആവശ്യപ്പെടുന്ന ഒരു ഉത്തരവാദിത്തമായി പഞ്ചായത്ത് ഭരണസമിതി കാണുകയും, അതിന്നായി സേവന, പശ്ചാത്തല മേഖലകളിൽ ആവശ്യമായ തുക വകയിരുത്തുകയും ചെയ്തിട്ടുണ്ട്.

നമ്മുടെ പഞ്ചായത്തിലെ ജനങ്ങൾ നേരിടുന്ന അടിസ്ഥാന പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നതിനായി മാലിന്യ നിർമ്മാർജ്ജനം, രോഗ പ്രതിരോധ പ്രവർത്തനങ്ങൾ, കുടിവെള്ളം, ഭവനനിർമ്മാണം തുടങ്ങിയ സമസ്ത മേഖലകൾക്കും ആവശ്യമായ തുക വകയിരുത്തിയിട്ടുണ്ട്. മാലിന്യ നിർമ്മാർജ്ജനം ഒരു തീവ്ര യജ്ഞമായി പരിഗണിച്ച് അതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതായിരിക്കും. മുൻകാലങ്ങളിൽ നിന്ന് വ്യത്യസ്തമായി ഇ-വേസ്റ്റ് ഉൾപ്പടെയുള്ള മാലിന്യങ്ങളുടെ സംസ്കരണത്തിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

അപ്രതീക്ഷിതമായ ഭീതി പടർത്തുന്ന പകർച്ചവ്യാധികളുടെ അതിവ്യാപനം സംഭവിക്കുന്ന ഈ കാലത്ത് രോഗപ്രതിരോധ ശേഷി നേടിയെടുക്കുക എന്നത് അത്യാവശ്യമാണ്. രോഗപ്രതിരോധ പ്രവർത്തനങ്ങൾക്ക് ആവശ്യമായ തുക ഈ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. മനുഷ്യ ശരീരത്തിന്റെ സ്വാഭാവിക പ്രതിരോധ ശേഷിയെ നശിപ്പിക്കുന്ന ലഹരിവസ്തുക്കളുടെ ഉപയോഗം ചെറുപ്പക്കാർക്കും കുട്ടികൾക്കും ഇടയിൽപോലും കൂടിവരികയാണ്. സംസ്ഥാന സർക്കാരിന്റെ വിമുക്തിഫണ്ട് ഉപയോഗിച്ച് നടത്തിവരുന്ന ലഹരി-വിരുദ്ധ പ്രചാരണ പ്രവർത്തനങ്ങൾ ഈ വർഷവും തുടരുന്നതാണ്.

കുടിവെള്ളക്ഷാമം രൂക്ഷമായ മേഖലകളിൽ ജനങ്ങൾക്ക് സമാശ്വാസം പകരുന്നതിനുള്ള നടപടികൾ ഈ ബജറ്റിന്റെ ഒരു സുപ്രധാന ഭാഗമാണ്. കൂടാതെ ഭവനനിർമ്മാണത്തിന് വേണ്ടിയുള്ള സഹായം നൽകുന്നതിനാവശ്യമായ നടപടികൾക്കും ഈ ബജറ്റിൽ അർഹമായ പരിഗണന നൽകിയിട്ടുണ്ട്. ഭവന രഹിതരായ നിരവധി കുടുംബങ്ങൾ നമ്മുടെ പഞ്ചായത്തിൽ ഇപ്പോഴുമുണ്ട്. ആ യാഥാർത്ഥ്യത്തിന് നേരെ കണ്ണുകൾ തുറന്നു പിടിക്കുന്ന ഒരു ബജറ്റ് ആണ് ഇത്.

നമ്മുടെ പഞ്ചായത്തിലെ സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്നവരെ ഉയർത്തിക്കൊണ്ടുവരുന്നതിനും വയോജനങ്ങളുടെ ക്ഷേമത്തിനും ഭിന്നശേഷിക്കാരുടെ ഉന്നമനത്തിനും അതിദരിദ്രർക്ക് ആനുകൂല്യങ്ങളും നൽകാൻ വേണ്ടിയുള്ള പദ്ധതികൾ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നിരാലംബരായ രോഗികൾക്ക് പ്രത്യേക ശ്രദ്ധയും പരിചരണവും ഉറപ്പുവരുത്തുന്നതിനുള്ള നടപടികളും ഈ ബജറ്റിന്റെ ഭാഗമാണ്.

കുട്ടികൾ, സ്ത്രീകൾ, വനിതാകൂട്ടായ്മകൾ എന്നിങ്ങനെ കൈതാങ്ങ് ആവശ്യമായവരും പ്രത്യേക പരിഗണന അർഹിക്കുന്നവരുമായ വ്യക്തികൾക്കും പ്രയോജനകരമാകുന്ന പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനുള്ള തുക വകയിരുത്തിയിട്ടുണ്ട്.

സ്നേഹാദരങ്ങളോടെ,

യൂസഫ് കൊടിയേങ്ങൽ

പ്രസിഡണ്ട് ഒഴൂർ ഗ്രാമപഞ്ചായത്ത്

ഒഴൂർ ഗ്രാമപഞ്ചായത്ത്

ബജറ്റ് 2025-26 അവതരണം



സജ്ന പാലേരി
വൈസ് പ്രസിഡണ്ട്

2025-2026 വർഷത്തെ ഒഴൂർ ഗ്രാമപഞ്ചായത്ത് വാർഷിക ബജറ്റ് അവതരണത്തിലേക്ക് ഏവർക്കും സ്വാഗതം...

പരിമിതമായ വരുമാനത്തിന്റെ ഉള്ളിൽ നിന്നുകൊണ്ട് നമ്മുടെ പഞ്ചായത്തിന്റെ പിന്നോക്കാവസ്ഥയെ പരിഹരിച്ച് കൃത്യമായ ആസൂത്രണത്തിലൂടെ മുൻനിരയിൽ എത്തിക്കുന്നതിനുള്ള പദ്ധതികളും പ്രവർത്തനങ്ങളുമാണ് കഴിഞ്ഞ നാല് വർഷങ്ങളായി വിഭാവനം ചെയ്തു നടത്തിവരുന്നത്. ഒഴൂർ ഗ്രാമപഞ്ചായത്തിന്റെ സമഗ്ര വികസനത്തിന് ഉതകുന്ന രീതിയിൽ സാമൂഹിക പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനും സമൂഹത്തിലെ ദുർബല വിഭാഗങ്ങൾക്ക് കൈത്താങ്ങാവുന്ന പദ്ധതികൾ ആവിഷ്കരിക്കുന്നതിലും ആരോഗ്യ വിദ്യാഭ്യാസ മേഖലകളിലെ പുരോഗതിക്കുതകുന്ന പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും പരമാവധി ശ്രമിച്ചിട്ടുണ്ട്.

പശ്ചാത്തല മേഖലയിൽ കഴിഞ്ഞ നാലു വർഷത്തിനുള്ളിൽ കാതലായ മാറ്റങ്ങൾ കൊണ്ടുവരാനും, ആവശ്യമായ ഡോക്ടർമാരെയും മരുന്നും ആവശ്യത്തിന് സ്റ്റാഫും ഉറപ്പാക്കി ആരോഗ്യ മേഖലയെ കൂടുതൽ കാര്യക്ഷമമാക്കാനും നമുക്ക് കഴിഞ്ഞു. ആരോഗ്യവകുപ്പിന്റെ സഹായത്തോടെ ഹരിത കർമ്മ സേനയുടെ സേവനങ്ങൾ ഉപയോഗിച്ച് ശുചിത്വ മേഖലയിലും നാം ഒട്ടേറെ മുന്നേറിയിരിക്കുന്നു. ജലജീവൻ പദ്ധതിയുടെ മികച്ച പ്രവർത്തനത്തിലൂടെ എല്ലാ വീടുകളും കുടിവെള്ളം എത്തിക്കാനും നമുക്ക് കഴിയുന്നുണ്ട്.

വയോജനങ്ങളുടെ ശാരീരികവും മാനസികവുമായ സന്തോഷങ്ങൾക്ക് വേണ്ടിയും,അവരുടെ ആരോഗ്യ പരിചരണത്തിനും,കുട്ടികളുടെയും സ്ത്രീകളുടെയും ഉന്നമനത്തിനും,ഭിന്നശേഷി വിഭാഗക്കാർക്കുള്ള ക്ഷേമപ്രവർത്തനങ്ങൾക്കും,കുടുംബശ്രീ പദ്ധതിയിലൂടെ കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാക്കാനും,തൊഴിലുറപ്പ് പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കാനും പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. കിടപ്പു രോഗികളായവർക്ക് സാന്ത്വനവും പരിചരണവും ഉറപ്പാക്കി അവർക്കാവശ്യമായ മരുന്നുകൾ എത്തിക്കുന്ന കാര്യത്തിലും പഞ്ചായത്ത് വളരെയധികം മുന്നേറിയിട്ടുണ്ട്. ലോകം മുമ്പൊരിക്കലും അഭിമുഖീകരിക്കാത്ത കോവിഡ് എന്ന മഹാമാരി പടർന്നു പിടിച്ചപ്പോൾ ആരോഗ്യവകുപ്പിന്റെ സഹായത്തോടെ കൃത്യമായി ഇടപെടലുകൾ നടത്തി രോഗ പകർച്ച പിടിച്ചു നിർത്താൻ നമുക്ക് കഴിഞ്ഞു.

എന്നാൽ പലപ്പോഴും നമ്മുടെ പഞ്ചായത്തിന്റെ ചില പ്രവർത്തനങ്ങളെയെങ്കിലും മന്ദഗതിയിൽ ആക്കുന്നതിനോ പദ്ധതികൾ നീട്ടി വയ്ക്കുന്നതിനോ കാരണം അതിനാവശ്യമായ സാമ്പത്തിക പിന്തുണയുടെ അപര്യാപ്തതയാണ്. തനത് വരുമാനം വർദ്ധിപ്പിച്ചു കൊണ്ടല്ലാതെ വികസിത ഒഴൂരെന്ന ലക്ഷ്യം പൂർത്തീകരിക്കാൻ നമുക്ക് കഴിയില്ല എന്ന് നാം തിരിച്ചറിയുകയും അതിനായി പ്രയത്നിക്കുകയും ചെയ്യണം.

കാർഷിക മേഖലയ്ക്കും,ആരോഗ്യമേഖലയ്ക്കും, വിദ്യാഭ്യാസ മേഖലയ്ക്കും ഊന്നൽ നൽകിക്കൊണ്ട് പശ്ചാത്തല മേഖല കൂടുതൽ ശക്തമാക്കി സ്ത്രീകളുടെയും, കുട്ടികളുടെയും,വയോജനങ്ങളുടെയും, ഭിന്നശേഷിക്കാരുടെയും പുരോഗതി ഉറപ്പാക്കി,പഞ്ചായത്തിലെ മറ്റ് എല്ലാ ദുർബല ജന വിഭാഗങ്ങൾക്കും മികച്ച പിന്തുണ ഉറപ്പുവരുത്തുന്ന രീതിയിലുള്ള പദ്ധതികളാണ് ഈ ബജറ്റ് ലക്ഷ്യമിടുന്നത്.

2025-2026 വാർഷിക ബജറ്റിൽ മുൻ ബാക്കി ഉൾപ്പെടെ 257679449/- രൂപ വരവും 252756613/- രൂപ ചെലവും 4922836/- രൂപ മിച്ചവും പ്രതീക്ഷിക്കുന്നു. അടുത്ത സാമ്പത്തിക വർഷം ഒഴൂർ ഗ്രാമപഞ്ചായത്ത് മുൻഗണന നൽകാൻ ഉദ്ദേശിക്കുന്ന പദ്ധതികളും ക്ഷേമ പ്രവർത്തനങ്ങളും താഴെ കൊടുക്കുന്നു

1. കാർഷിക മേഖല

ഒരു കാർഷിക ഗ്രാമമാണ് ഒഴൂർ ഗ്രാമപഞ്ചായത്ത്. അതുകൊണ്ടുതന്നെ മുൻകാലങ്ങളിൽ എന്നത് പോലെ നെൽകൃഷി, വെറ്റില കൃഷി, കുരുമുളക് കൃഷിക്കൊപ്പം നാളികേര കൃഷിയുടെ വികസനവും ഒപ്പം വിഷരഹിതമായ പച്ചക്കറി ഉപയോഗിക്കണം എന്ന ലക്ഷ്യം മുൻനിർത്തിക്കൊണ്ട് അടുക്കള കൃഷിക്കും ഈ ബജറ്റ് മുൻഗണന നൽകുന്നു.

ഫാസ്റ്റ് ഫുഡ് സംസ്കാരം നിരവധി ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കുന്നതായി നമുക്കറിയാം. ജീവിതശൈലി രോഗങ്ങൾക്കെതിരെ നമുക്ക് ഒരു പ്രതിരോധനിര കെട്ടിപ്പടുക്കേണ്ടതുണ്ട് . നമ്മുടെ നാട്ടിലെ ജനങ്ങളുടെ ഭക്ഷണരീതിയിൽ ആവശ്യമായ മാറ്റങ്ങൾ ഉണ്ടാകേണ്ടതുണ്ട്. ആരോഗ്യ ബോധമുള്ള പുതിയ തലമുറ ഭക്ഷണത്തിൽ മില്ലറ്റുകൾ കൂടുതലായി ഉൾപ്പെടുത്തുന്നുണ്ട്. അതുകൊണ്ടുതന്നെ മില്ലറ്റുകൾ കൃഷി ചെയ്യാനും, അത് കൃഷി ചെയ്യുന്നവരെ പ്രോത്സാഹിപ്പിക്കാനും പഞ്ചായത്ത് ഉദ്ദേശിക്കുന്നു. ഇങ്ങനെ കാർഷിക മേഖലയ്ക്കായി 2175000/- രൂപ ഈ ബജറ്റിൽ വകയിരുത്തുന്നു.

2. മൃഗസംരക്ഷണം

കാർഷിക മേഖലയോട് ചേർന്നു നിൽക്കുന്നതാണ് മൃഗസംരക്ഷണം. അത് നമ്മുടെ സംസ്കൃതിയുടെ അല്ലെങ്കിൽ സംസ്കാരത്തിന്റെ ഒരു ഭാഗം കൂടിയാണ്. ഈ മേഖലയ്ക്കായി ബജറ്റിൽ 2510000/- രൂപ നീക്കിവെക്കുന്നു

3. ആരോഗ്യ മേഖല

ആരോഗ്യമുള്ള ഒരു ജനതയാണ് ഏതു നാടിന്റെയും ഏറ്റവും വലിയ സമ്പത്ത്. നേരത്തെ പറഞ്ഞതുപോലെ ജീവിതശൈലി രോഗങ്ങൾ തടയുന്നതിന് മുൻഗണന കൊടുക്കുന്നതിന്റെ ഭാഗമായി അത്തരം രോഗങ്ങൾക്കെതിരെയുള്ള പ്രതിരോധ പദ്ധതികൾ പഞ്ചായത്ത് ആസൂത്രണം ചെയ്യുന്നുണ്ട്. ജനങ്ങളിൽ ആവശ്യമായ വ്യായാമ ശീലങ്ങൾ ഉണ്ടാക്കേണ്ടണ്ടതുണ്ട്. അതിനോടൊപ്പം പാരമ്പര്യ രോഗങ്ങൾക്കെതിരെയും പകർച്ചവ്യാധികൾക്കെതിരെയും പ്രവർത്തിക്കാൻ ആരോഗ്യ മേഖലയെ കൂടുതൽ ശക്തമാക്കണം പ്രതിരോധ കുത്തിവെപ്പുകൾ എല്ലാവരും എടുത്തു എന്ന് ഉറപ്പുവരുത്തണം. കിടപ്പുരോഗികൾക്ക് കൂടുതൽ ആശ്വാസം എത്തിക്കേണ്ടതുണ്ട്.പാലിയേറ്റീവ് കെയറുകൾക്ക് കൂടുതൽ പ്രോത്സാഹനം നൽകണം.ഇങ്ങനെ ആരോഗ്യമേഖലയെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനും പാലിയേറ്റീവ് കെയറുകൾക്ക് കൂടുതൽ മരുന്നും രോഗികൾക്ക് സഹായകമായ ഉപകരണങ്ങളും വാങ്ങുന്നതിനും ഉൾപ്പെടെ നടപ്പു സാമ്പത്തിക വർഷം 4500000/- രൂപ നീക്കി വയ്ക്കുന്നു.

4. വിദ്യാഭ്യാസ മേഖല

ഗുണമേന്മയുള്ള വിദ്യാഭ്യാസം നമ്മുടെ പഞ്ചായത്തിലെ കുട്ടികൾക്ക് ലഭിക്കുന്നതിന് പ്രൈമറി സ്കൂളുകളിൽ പ്രത്യേകിച്ച് എൽ പി ക്ലാസുകളിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കുന്നതാണ്. ഗുണമേന്മ ഉറപ്പുവരുത്തുന്ന നൂതന പദ്ധതികൾ ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ ഈ വർഷം ആരംഭിക്കാൻ ലക്ഷ്യമിടുന്നു. ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തലുകൾ ആവശ്യമായ

സ്കൂളുകളിൽ അതിനുള്ള സൗകര്യങ്ങൾ ഒരുക്കേണ്ടതുണ്ട്. ഇത്തരുണത്തിൽ വിദ്യാഭ്യാസ മേഖലയുടെ സമഗ്ര വികസനത്തിനായി 1850000/- രൂപ വകയിരുത്തുന്നു.

5. പശ്ചാത്തല മേഖല

ഒഴൂർ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിന്റെയും ജില്ലാ പഞ്ചായത്ത്,ബ്ലോക്ക് പഞ്ചായത്ത് ഫണ്ടുകളുടെയും, എം എൽ എ ഫണ്ടുകളുടെയും സഹായത്തോടെ പശ്ചാത്തല മേഖലയിൽ കഴിഞ്ഞ വർഷങ്ങളിൽ വളരെയധികം മാറ്റങ്ങൾ ഉണ്ടാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. പഞ്ചായത്തിലെ ഏതാണ്ട് എല്ലാ റോഡുകളും മെച്ചപ്പെട്ട രീതിയിലേക്ക് എത്തിക്കുവാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. എന്നിരുന്നാലും പഞ്ചായത്തിന്റെ ആസ്തിയിൽ പുതുതായി ഉൾപ്പെടുന്ന റോഡുകളും നേരത്തെ ബാക്കിയുള്ള ഏതാനും റോഡുകളും ടാറിങ്ങോ കോൺക്രീറ്റോ ചെയ്യുന്നതിനായും, നേരത്തെ നിർമ്മിക്കപ്പെട്ട റോഡുകളുടെ അറ്റകുറ്റപണികൾ നടത്തുന്നതിനായും ഈ ബജറ്റിൽ 19500000/- രൂപ വകയിരുത്തുന്നു.

6. പാർപ്പിട മേഖല

എല്ലാവർക്കും പാർപ്പിടം എന്ന ലക്ഷ്യത്തിലേക്ക് നമ്മുടെ പഞ്ചായത്ത് അടുത്തുകൊണ്ടിരിക്കുകയാണ്. ലൈഫ് മിഷൻ പദ്ധതിയിലൂടെ വീട് ലഭിക്കുന്നതിന് അർഹരായ ഉപഭോക്താക്കളെ കണ്ടെത്തി പദ്ധതികൾ കാര്യക്ഷമമായി തയ്യാറാക്കുന്നുണ്ട് പാർപ്പിട മേഖലയ്ക്കായി 30080000/- രൂപ വകയിരുത്തുന്നു.

7. പട്ടികജാതി ക്ഷേമം

അവശജന വിഭാഗങ്ങളുടെയും പിന്നോക്ക വിഭാഗങ്ങളുടെയും പുരോഗതികൾക്കായി നിരവധി പദ്ധതികൾ നടപ്പിലാക്കിയെങ്കിലും പൂർണ്ണമായ ലക്ഷ്യത്തിലേക്ക് എത്താൻ ഇതുവരെ കഴിഞ്ഞിട്ടില്ല. പട്ടികജാതി വികസനത്തിനായും അവരുടെ ക്ഷേമപ്രവർത്തനങ്ങൾക്കായും ബജറ്റിൽ 3000000/- രൂപ നീക്കി വെയ്ക്കുന്നു.

8. വയോജനക്ഷമം

ജീവിതത്തിന്റെ നല്ലൊരു ഭാഗം സമൂഹത്തിനായി അർപ്പിച്ച നമ്മുടെ നാട്ടിലെ ജനങ്ങളെ അവരുടെ ജീവിത സായാഹ്ന വേളയിൽ ചേർത്തുനിർത്തുക എന്നത് നമ്മുടെ കടമയാണ്. 2024 -2025 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി വയോജനങ്ങളുടെ ആരോഗ്യ പരിചരണത്തിനും , മെഡിക്കൽ ക്യാമ്പുകൾക്കും പ്രാധാന്യം നൽകുകയും മാനസിക ഉല്ലാസത്തിനായി വിനോദയാത്രകൾ സംഘടിപ്പിക്കുകയും ചെയ്തിരുന്നു.

വയോജന ക്ഷേമത്തിനായി നടപ്പു സാമ്പത്തിക വർഷം 300000/- രൂപ നീക്കി വെയ്ക്കുന്നു

9. സാമൂഹ്യനീതി ഉറപ്പാക്കൽ

ക്ഷേമ പ്രവർത്തനങ്ങൾ നടത്തുക എന്നതു മാത്രമല്ല അതിന്റെ ഗുണഫലങ്ങൾ എല്ലാവർക്കും ലഭിച്ചു എന്ന് ഉറപ്പുവരുത്തുകയും ചെയ്യേണ്ടതുണ്ട്. സ്ത്രീകളുടെയും കുട്ടികളുടെയും ഉന്നമനത്തിനായും, അങ്കണവാടികളുടെ സമഗ്ര വികസനത്തിനായും, കൗമാരക്കാരായ പെൺകുട്ടികളുടെ ക്ഷേമത്തിനായും കൂടുതൽ പദ്ധതികൾ നടപ്പിൽ വരുത്തുന്നതിനായി 4670000/- രൂപ ഈ ബജറ്റിൽ നീക്കിവെക്കുന്നു.

10. ശുചിത്വ മേഖല; ഹരിത കേരളം

ഹരിതകർമ്മസേന നമ്മുടെ നാടിന്റെ പുരോഗതിക്കായുള്ള സേനയായി കൂടുതൽ കർമ്മോത്സുകതയോടെയും കാര്യക്ഷമമായും പ്രവർത്തിക്കുന്നത് ശുചിത്വ മേഖലയിൽ വളരെയധികം പുരോഗതിക്ക് ഇടയാക്കിയിട്ടുണ്ട്. ഹരിത കേരളം പദ്ധതിയിലൂടെ ശുചിത്വത്തിന്റെ കാര്യത്തിൽ നാം പൂർണ്ണമായ നേട്ടത്തിലേക്ക് എത്തിക്കൊണ്ടിരിക്കുന്നു. ഈ മേഖലയ്ക്കായി ബജറ്റിൽ 7419000/- രൂപ വകയിരുത്തുന്നു.

11. മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി.

2005ൽ മുൻ പ്രധാനമന്ത്രി മൻമോഹൻ സിംഗിന്റെ നേതൃത്വത്തിലുള്ള കേന്ദ്രസർക്കാർ കൊണ്ടുവന്ന മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നമ്മുടെ നാടിന്റെ ദാരിദ്ര്യനിർമ്മാർജനത്തിലും വനിതാ ശാക്തീകരണത്തിലും നിർണായകമായ പങ്കാണ് വഹിച്ചത്. ഇതിലൂടെ നമ്മുടെ പഞ്ചായത്തിലും സാധാരണക്കാരുടെ ജീവിത നിലവാരം ഉയർത്താനും അതുവഴി ഗ്രാമീണ മേഖലയുടെ പ്രത്യേകിച്ചു വനിതകളുടെ സാമ്പത്തിക സ്വയം പര്യാപ്തത വർധിപ്പിക്കാനും കഴിഞ്ഞു. നടപ്പു സാമ്പത്തിക വർഷത്തേക്ക് 32000000/- രൂപ തൊഴിലുറപ്പ് പദ്ധതിക്കായി നീക്കിവെക്കുന്നു.

12. സ്പോർട്സ്, യുവജനക്ഷേമം.

നമ്മുടെ പഞ്ചായത്തിന് സ്വന്തമായി ഒരു കളിസ്ഥലം എന്നാവശ്യത്തിന് നിരവധി വർഷങ്ങളുടെ പഴക്കമുണ്ടെങ്കിലും ഇതുവരെ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. ഈ വർഷം ആ ലക്ഷ്യത്തിലേക്ക് എത്തിച്ചേരാൻ നമുക്ക് കഴിയണം. അതോടൊപ്പം തന്നെ യുവാക്കളുടെ പുരോഗതിക്കും, അവർക്ക് കൂടുതൽ തൊഴിലവസരങ്ങൾ ലഭിക്കുന്നതിനും ഉള്ള പദ്ധതികൾ പഞ്ചായത്ത് ആസൂത്രണം ചെയ്തിട്ടുണ്ട്. ഇങ്ങനെ യുവജനക്ഷേമ പദ്ധതികൾ, സ്പോർട്സ് എന്നിവയ്ക്കായി 350000/- രൂപ നീക്കിവെക്കുന്നു.

13. കലാസംസ്കാരികം

നമ്മുടെ നാടിന്റെ തനതായ സംസ്കാരത്തെ പരിപോഷിപ്പിക്കുന്ന കലാ - സാംസ്കാരിക പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി 200000/- രൂപ ഈ ബജറ്റിൽ നീക്കി വയ്ക്കുന്നു.

14. കുടുംബശ്രീ

കുടുംബശ്രീ പദ്ധതി വിപ്ലവകരമായ മാറ്റങ്ങളാണ് സമൂഹത്തിൽ ഉണ്ടാക്കിയത്. നടപ്പു സാമ്പത്തിക വർഷം കുടുംബശ്രീ പ്രവർത്തനങ്ങൾക്കായി 300000/- രൂപ വകയിരുത്തുന്നു.

15. ഊർജ്ജം.

പഞ്ചായത്തിന്റെ വൈദ്യുത ചെലവുകൾ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി വൈദ്യുതവിളക്കുകൾക്ക് പകരം സോളാർ വിളക്കുകൾ സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾക്കായി 1000000/- രൂപ നീക്കിവെക്കുന്നു.

16. വ്യവസായം.

വ്യാവസായികമായി പിന്നോക്കാവസ്ഥയിലാണ് നമ്മുടെ പഞ്ചായത്ത്. അതു പരിഹരിക്കാനും ചെറുകിട വ്യവസായ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കാനുമായി 500000/- രൂപ വകയിരുത്തുന്നു.

17. പൊതു ഭരണം

നമ്മുടെ പഞ്ചായത്ത് ഓഫീസിൽ എത്തുന്ന പൊതുജനങ്ങൾക്ക് ഏറ്റവും മികച്ച സേവനങ്ങൾ നൽകുന്നതിനായി ഓഫീസിലെ ഭൗതിക സൗകര്യങ്ങൾ വർധിപ്പിക്കുകയും തൽഫലമായി ജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ ഓഫീസ് പ്രവർത്തനങ്ങൾ മാറുകയും ചെയ്തിട്ടുണ്ട്. എന്നാൽ നിലവിലുള്ള സൗകര്യങ്ങൾ ഇനിയും വർദ്ധിപ്പിക്കേണ്ടതായിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 455600/- രൂപയും ശമ്പള സേവന ആനുകൂല്യങ്ങൾക്കായി 17930000/- രൂപയും നീക്കിവെക്കുന്നു. സ്വന്തമായി കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് ഭൂമി വാങ്ങുന്നതിനായി 1000000/- രൂപയും പൊതുശ്മശാനത്തിനായി 1000000/- രൂപയും മറ്റ് ഓഫീസ് ആവശ്യങ്ങൾക്കായി 800000/- രൂപയും ഐ. കെ. എം വിഹിതമായി 100000/- രൂപയും ഈ ബജറ്റിൽ നീക്കിവെക്കുന്നു.

ബജറ്റ് സംഗ്രഹം


പരിമിതമായ സാമ്പത്തിക വിഭവശേഷികൊണ്ട് ഏറ്റവും മികച്ച പ്രവർത്തനങ്ങളും, വികസന മുന്നേറ്റങ്ങളും കാഴ്ചവെക്കാൻ കഴിഞ്ഞ വർഷങ്ങളിൽ നമുക്ക് കഴിഞ്ഞിട്ടുണ്ടെങ്കിലും പൂർണ്ണതയിൽ എത്തിയിട്ടില്ല. ഒഴൂർ ഗ്രാമപഞ്ചായത്തിന്റെ വികസന കുതിപ്പിന് ഒത്തൊരുമിച്ചുള്ള ബഹുജന മുന്നേറ്റത്തിലൂടെയും പഞ്ചായത്തിന്റെ തനത് ഫണ്ടിനൊപ്പം ബ്ലോക്ക് പഞ്ചായത്ത്,ജില്ലാ പഞ്ചായത്ത് എംഎൽഎ, എംപി ഫണ്ടുകളിലൂടെ നമുക്ക് സാധ്യമാക്കാം. അതിനായി കക്ഷി രാഷ്ട്രീയത്തിന് അതീതം ആയ ഒരു വികസന സങ്കൽപ്പത്തിലേക്ക് നാം എത്തേണ്ടതുണ്ട്.അതിനാവശ്യമായ നടപടികളും പദ്ധതികളും ഈ ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. അതിലൂടെ മലപ്പുറം ജില്ലയിൽ മാത്രമല്ല കേരളത്തിലെ തന്നെ ഏറ്റവും നല്ല പഞ്ചായത്തായി ഒഴൂർ ഗ്രാമപഞ്ചായത്തിനെ നമുക്ക് മാറ്റാൻ കഴിയും.

ഗ്രാമ സ്വരാജ് എന്നുള്ള മഹത്തായ ആശയം ലോകത്തിനു മുന്നിൽ വെച്ച മഹാത്മജി ഒരിക്കൽ പറഞ്ഞു

> "പലരും, പ്രത്യേകിച്ച് കാര്യങ്ങളെക്കുറിച്ച്
>
> വ്യക്തമായി അറിവില്ലാത്ത ആളുകൾ,സത്യം പറഞ്ഞതിന്
> ശരിയായ കാര്യങ്ങൾ ചെയ്തതിന്, നിങ്ങൾ
> നിങ്ങളായിരിക്കുന്നതിന് നിങ്ങളെ ശിക്ഷിക്കാൻ ആഗ്രഹിക്കുന്നു.
>
> നിങ്ങൾ ശരിയാണെങ്കിൽ നിങ്ങൾ ഒരിക്കലും ക്ഷമ ചോദിക്കരുത് നിങ്ങൾ ശരിയാണെങ്കിൽ നിങ്ങൾക്ക് കാര്യങ്ങളെക്കുറിച്ച് വ്യക്തമായ ധാരണയുണ്ടെങ്കിൽ നിങ്ങളുടെ അഭിപ്രായം പറയുക.നിങ്ങൾ ഒറ്റയ്ക്ക് ആവാം; ഒരു ന്യൂനപക്ഷം ആവാം;പക്ഷേ സത്യം എപ്പോഴും സത്യമാണ്"

ആ മഹാത്മാവിന്റെ വാക്കുകൾ സ്മരിച്ചുകൊണ്ട്

പൊള്ളയായ വാഗ്ദാനങ്ങൾക്കപ്പുറം സത്യത്തെ സത്യമായി കാണുന്ന പ്രായോഗികതയിൽ ഊന്നിയുള്ള വികസന പ്രവർത്തനങ്ങളാണ് നമുക്ക് ആവശ്യം എന്ന് തിരിച്ചറിയുന്നു. അതുകൊണ്ടുതന്നെ നമ്മുടെ നാടിന്റെ വികസനം എന്ന സത്യത്തെ മുറുകെ പിടിച്ചു കൊണ്ടാണ് കഴിഞ്ഞ വർഷങ്ങളിൽ മുന്നോട്ടുപോയത്. അതു വഴി ഒട്ടനവധി വികസന പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ കഴിഞ്ഞു എന്ന ചാരിതാർത്ഥ്യത്തോടെ വരുംവർഷങ്ങളിൽ ഒഴൂർ ഗ്രാമപഞ്ചായത്തിനെ വികസന വിപ്ലവത്തിന്റെ കൂടുതൽ ഉന്നതിയിൽ എത്തിക്കാൻ നമുക്ക് കഴിയുമെന്ന വിശ്വാസത്തോടെ ഈ ബജറ്റ് നിങ്ങളുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.



ഒഴൂർ ഗ്രാമ പഞ്ചായത്ത്

2025-26 സാമ്പത്തിക വർഷത്തെ ബജറ്റ്

BUDGET STATEMENT

OZHUR Grama Panchayat

Budget for the Year 2025-26

	PARTICULARS		Actuals for the year 2023-24 (2023-24ലെ കണക്ക്)	Budget for the year 2024-25 including all revisions (2024-25ലെ പരിഷ്കരിച്ച ബജറ്റ്)	Budget for the year 2025-26 (2025-26 ലെ ബജറ്റ്)
A	Opening balance(net)	ws-1	2,57,33,862.00	2,87,05,933.00	1,92,11,449.00
B	a) Tax revenue-നികുതി വരുമാനം	BS-1	49,98,952.00	60,52,000.00	66,00,000.00
C	b) Non tax revenue-നികുതിയിതര വരുമാനം	BS-2	30,30,314.00	38,95,792.00	41,30,000.00
D	**Total Own Fund-ആകെ തനത് ഫണ്ട്**	(B+C)	80,29,266.00	99,47,792.00	1,07,30,000.00
E	c) General Purpose Fund-ജനറൽ പർപ്പസ് ഫണ്ട്	BS-3	1,56,35,700.00	2,36,56,800.00	2,37,64,000.00
F	**Total - ആകെ**	(D+E)	2,36,64,966.00	3,36,04,592.00	3,44,94,000.00
G	d) Other Grants(Plan)-മറ്റ് റവന്യൂ ഗ്രാന്റുകള്-പദ്ധതി ചെലവുകൾക്ക്	BS-4	6,64,30,167.00	22,43,15,922.00	10,39,85,000.00
H	e) Other Grants(Non-Plan)-മറ്റ് റവന്യൂ ഗ്രാന്റുകള്-പദ്ധതിയേതര ചെലവുകൾക്ക്	BS-5	5,02,91,700.00	5,50,00,000.00	6,50,00,000.00
I	**Toal Revenue Income - ആകെ റവന്യൂ വരവുകൾ**	(F+G+H)	14,03,86,833.00	31,29,20,514.00	20,34,79,000.00
J	Capital Income - Loans -മൂലധന വരവ്-വായ്പ വാങ്ങൽ	BS-6	-	-	-
K	ner than loans - വായ്പ ഒഴികെ മൂലധന വരവുകൾ	BS-7	-	2,94,02,969.00	3,49,89,000.00
L	**Total Capital Income-ആകെ മൂലധന വരവുകൾ**	(J+K)	-	2,94,02,969.00	3,49,89,000.00
M	**Total Income - ആകെ വരവുകൾ**	(I+L)	14,03,86,833.00	34,23,23,483.00	23,84,68,000.00
N	**Total Income+Net opening balance - ആകെ വരവുകളും പ്രാരംഭ ബാക്കിയും**	(M+A)	16,61,20,695.00	37,10,29,416.00	25,76,79,449.00

BUDGET STATEMENT

OZHUR Grama Panchayat

Budget for the Year 2025-26

	PARTICULARS		Actuals for the year 2023-24 (2023-24ലെ കണക്ക്)	Budget for the year 2024-25 including all revisions (2024-25ലെ പരിഷ്കരിച്ച ബജറ്റ്)	Budget for the year 2025-26 (2025-26 ലെ ബജറ്റ്)
O	Revenue Expenditure-Statutory functions - റവന്യു ചെലവുകള് -അനിവാര്യ ചുമതലകൾക്ക്	BS-8	1,70,55,673.00	1,97,27,018.00	2,19,96,500.00
P	Revenue Expenditure-Plan - റവന്യു ഗ്രാന്റിൽ നിന്നുള്ള പദ്ധതി ചെലവുകൾ	BS-9	7,03,59,089.00	23,88,82,870.00	13,03,60,113.00
Q	Revenue Expenditure-Non-Plan- റവന്യു ഗ്രാന്റിൽ നിന്നുള്ള പദ്ധതിയേതര ചെലവുകൾ	BS-10	5,00,00,000.00	5,50,00,000.00	6,50,00,000.00
R	**Total Revenue Expenditure - ആകെ റവന്യു ചെലവുകൾ**	(O+P+Q)	13,74,14,762.00	31,36,09,888.00	21,73,56,613.00
S	Capital Expenditure -Loan repayments - മൂലധന ചെലവുകള് -വായ്പ തിരിച്ചടവ്	BS-11	-	-	-
T	Capital expenditure other than loan repayments - മറ്റ് മൂലധന ചെലവുകൾ	BS-12	-	3,82,08,079.00	3,54,00,000.00
U	**Total Capital Expenditure - ആകെ മൂലധന ചെലവുകൾ ചെലവുകൾ**	(S+T)	-	3,82,08,079.00	3,54,00,000.00
V	**Total Expenditure - ആകെ ചെലവുകൾ**	(R+U)	13,74,14,762.00	35,18,17,967.00	25,27,56,613.00
W	**Closing Balance - നീക്കി ബാക്കി**	(N-V)	2,87,05,933.00	1,92,11,449.00	49,22,836.00

OZHUR Grama Panchayat : Budget For The Financial Year 2025-26

BS-1-REVENUE INCOME-TAXES- (നികുതി വരവുകൾ)

DETAILED HEAD CODE	PARTICULARS (ഇനവിവരം)	Actuals for the year 2023-24 (2023-24ലെ കണക്ക്)	Budget for the year 2024-25 including all revisions (2024-25ലെ പരിഷ്കരിച്ച ബജറ്റ്)	Budget for the year 2025-26 (2025-26 ലെ ബജറ്റ്)
110 10 01	Property Tax-വസ്തു നികുതി	4066092	5000000	5500000
110 20 01	Profession Tax-തൊഴിൽ നികുതി	932860	1052000	1100000
110	**Total-Tax Revenue-ആകെ നികുതി വരവ്**	**4998952**	**6052000**	**6600000**

BS-2- -REVENUE INCOME-NON-TAX- (നികുതിയിതര വരവുകൾ)

130	**Rental Income from Panchayat Properties**			
130	**Total-Rental Income from Panchayat Properties**	**0**	**0**	**0**
140	**Fees & User Charges**			
140 10 01	Empanelment & Registration Charges / Fees-രജിസ്ട്രേഷൻ ചാർജ്/ഫീസ്	875	2000	5000
140 11 01	Licence Fees-ലൈസൻസ് ഫീസ്	106350	112320	150000
140 12 01	Fee for Grant of Permit-പെർമിറ്റ് ഫീസ്	1929367	2933397	2950000
140 13 01	Fees for Certificate or Extract -സർടിഫിക്കറ്റ്/എക്സ്ട്രാക്റ്റ് ഫീ	30399	32000	40000
140 20 01	Penalties and Fines-ഫൈൻ	117622	163698	200000
140 40 01	Miscellaneous Fees-മറ്റ് ഫീസുകൾ	331800	171959	280000
140	**Total-Fees & User Charges-**	**2516413**	**3415374**	**3625000**

150	**Sale & Hire Charges**			
150 11 01	Sale of Forms-ഫാറം വില	43777	62423	80000
150 12 01	Sale of stores & Scrap-ഉപയോഗശൂന്യമായ വസ്തുക്കളുടെ വിൽപ്പന	71900		
150	**Total-Sale & Hire Charges**	**115677**	**62423**	**80000**
151	**Receipts from Transferred Institutions**			
151	**Total-Receipts from Transferred Institutions**	**0**	**0**	**0**
170	**Income from Investments**			
170	**Total-Income from Investments**	**0**	**0**	**0**
171	**Interest Earned**			
171 10 01	Interest from Bank Accounts -ബാങ്ക് നിക്ഷേപങ്ങളിൽ നിന്നുള്ള പലിശ	366024	380000	385000
171	**Total-Interest Earned**	**366024**	**380000**	**385000**
180	**Other Income**			
180 40 01	Recovery from Employees -ജീവനക്കാറിൽ നിന്നുള്ള റിക്കവറികൾ	10100	13417	15000
180 80 01	Miscellaneous Income	22100	24578	25000
180	**Total-Other Income-മറ്റ് വരവുകൾ -ആകെ**	**32200**	**37995**	**40000**
	Total-Non tax revenue -ആകെ നികുതിയിതര വരവുകൾ	**3030314**	**3895792**	**4130000**
BS-3 - GENERAL PURPOSE FUND ജനറൽ പർപ്പസ് ഫണ്ട്				
	General Purpose Fund - ജനറൽ പർപ്പസ് ഫണ്ട്	15635700	23656800	23764000
	Total-General purpose fund -ജനറൽ പർപ്പസ് ഫണ്ട്	**15635700**	**23656800**	**23764000**

BS-4 -REVENUE INCOME-PLAN GRANTS (പദ്ധതി ചെലവുകൾക്കു വേണ്ടിയുള്ള ഗ്രാന്റ്/ഫണ്ട്/വിഹിതം - റവന്യൂ വരവുകൾ)				
311	**Revenue Grants, Funds, Contributions & Compensations**			
3111001	Special Funds-പ്രത്യേക ഫണ്ട്	4500000	45661000	6000000
3112002	Development Fund for Transfer to Other LSGIs for Joint Venture Project - for Revenue Expenditure - സംയോജിത പദ്ധതികൾക്കുള്ള വികസന ഫണ്ട് വിഹിതം-റവന്യൂ ചെലവുകൾക്ക്			20000000
3207003	Contributions for Other Specific Purposes (for Revenue Expenditure)-പ്രത്യേക ഉദ്ദേശ പദ്ധതികൾക്കുള്ള വിഹിതം(റവന്യൂ ചെലവുകൾക്ക്)	494966	11947000	0
3201001	Grants, Funds & Contributions for Specific Purposes - centrally sponsored Schemes - കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് വേണ്ടിയുള്ള ഗ്രാന്റുകളും ഫണ്ടുകളും വിഹിതങ്ങളും	16713652	25000000	20000000
3202001	Development Fund-വികസന ഫണ്ട്	30043836	84537740	49885000
3202003	Grants, Funds & Contributions for Specific Purposes - Other than Development Fund and State Sponsored Scheme Funds - Other purposes -വികസന ഫണ്ടുംസംസ്ഥാനാവിഷ്കൃത ഫണ്ടും ഒഴികെ മറ്റ് ആവശ്യങ്ങൾക്കുള്ള ഗ്രാന്റുകളും ഫണ്ടുകളും വിഹിതങ്ങളും	160000	3905000	0

3204001	Grants, Funds & Contributions for Specific Purposes - Financial Institutions - ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള ഗ്രാന്റുകളും ഫണ്ടുകളും വിഹിതങ്ങളും	10610000	13248941	0
3207002	Contributions for Joint Venture Projects (for Centrally Sponsored Scheme) - സംയോജിത പദ്ധതികൾക്കുള്ള കേന്ദ്രാവിഷ്കൃത ഫണ്ട് വിഹിതം-	3115083	15000000	8000000
3207004	Contributions for Other Specific Purposes (for Revenue Expenditure)-പ്രത്യേക ഉദ്ദേശ പദ്ധതികൾക്കുള്ള വിഹിതം(റവന്യു ചെലവുകൾക്ക്)	255630		0
3208001	Other Grants , Funds & Contributions for Specific Purposes -others- മറ്റ് പ്രത്യേക ഉദ്ദേശ പദ്ധതികൾക്കുള്ള ഗ്രാന്റുകളും ഫണ്ടുകളും വിഹിതങ്ങളും	537000	50000	100000
	Revenue Grants, Funds, Contributions & Compensations	**66430167**	**224315922**	**103985000**
BS-5-REVENUE INCOME- NON PLAN GRANTS **(പദ്ധതിയിതര ചെലവുകൾക്കു വേണ്ടിയുള്ള ഗ്രാന്റ്/ഫണ്ട്/വിഹിതം -വരവുകൾ)**				
160	**Revenue Grants, Funds, Contributions & Compensations**			
160 10 03	State Sponsored Schemes (not included under Decentralised Plan Programme)സംസ്ഥാന ആവിഷ്കൃത പരിപാടികൾക്കുള്ള വരവുകൾ	50291700	55000000	65000000
160	**Total-Revenue Grants, Funds, Contributions & Compensations**	**50291700**	**55000000**	**65000000**
BS-6 - CAPITAL INCOME- LOANS **(വായ്പ ഇനത്തിലുള്ള മൂലധന വരവുകൾ സംബന്ധിച്ച ബജറ്റ്)**				

330	**loans**			
330	**Total-loans-ആകെ വായ്പകൾ**	**0**	**0**	**0**
BS-7- CAPITAL INCOME- OTHER THAN LOANS **(മൂലധന ചെലവുകൾക്ക് വേണ്ടിയുള്ള മറ്റ് വരവുകൾ)**				
3112001	Development Fund for Transfer to Other LSGIs for Joint Venture Project - for Capital Expenditure - സംയോജിത പദ്ധതികൾക്കുള്ള വികസന ഫണ്ട് വിഹിതം-മൂലധന ചെലവുകൾക്ക്		5000000	7660000
3121001	capital contribution			1000000
3201001	Grants, Funds & Contributions for Specific Purposes - centrally sponsored Schemes - കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് വേണ്ടിയുള്ള ഗ്രാന്റുകളും ഫണ്ടുകളും വിഹിതങ്ങളും		10000000	10000000
3202001	Development Fund-വികസന ഫണ്ട്		2794890	16329000
3208001	Other Grants , Funds & Contributions for Specific Purposes -others- മറ്റ് പ്രത്യേക ഉദ്ദേശ പദ്ധതികൾക്കുള്ള ഗ്രാന്റുകളും ഫണ്ടുകളും വിഹിതങ്ങളും		11558079	0
3209003	Other Awards and Honours -മറ്റ് അവാർഡുകളും ബഹുമതികളും		50000	0
	Total-Revenue Grants, Funds, Contributions & Compensations	**0**	**29402969**	**34989000**
BS-8-Revenue Expenditure-Mandatory functions **(അനിവാര്യ ചുമതലകൾക്ക് വേണ്ടിയുള്ള വകയിരുത്തലുകൾ)**				
210	**Establishment Expenses-**			
210 10 01	Salaries-ശമ്പളം	10776420	11000000	12000000

210 10 02	Wages-കൂലി	804013	1300000	1400000
210 10 03	Bonus-ബോണസ്	28000	60000	75000
210 20 01	Travelling Allowances-യാത്രാ ബത്ത	0	150000	150000
210 20 02	Other Benefits and Allowances-മറ്റ് ബത്തകൾ	96113	1000000	500000
210 20 03	Monthly Honorarium of Elected Representatives -ജനപ്രതിനിധികൾക്കുള്ള ഓണറെ റിയം	1835080	2000000	2100000
210 20 04	Sitting Fee of Elected Representatives -ജനപ്രതിനിധികൾക്കുള്ള സിറ്റിംഗ് ഫീ	128700	130000	135000
210 20 05	Travelling Allowance of Elected Representatives -ജനപ്രതിനിധികൾക്കുള്ള യാത്ര ബത്ത	4303	10000	20000
210 30 01	Pension Contributions -പെൻഷൻ കോൺട്രിബ്യൂഷൻ	499607	650000	700000
210 30 02	Leave Salary Contributions-അവധി ശമ്പളം	133101	100000	150000
210 40 01	Other Terminal & Retirement Benefits -മറ്റ് സേവന വിരാമ ആനുകൂല്യങ്ങൾ	795093	0	700000
210	**Total-Establishment Expenses -ജീവനക്കാര്യത്തിലേക്കുള്ളചെലവുകൾ -ആകെ**	**15100430**	**16400000**	**17930000**
220	**Administrative Expenses-ഭരണ ചെലവുകൾ**			
220 10 01	Rent-വാടക	58004	89000	90000
220 10 02	Rates		0	500
220 10 03	Taxes-നികുതി		500	1000
220 11 01	Office Maintenance-ഓഫീസ് ചെലവുകൾ	153843	200000	210000
220 12 01	Communication Expenses -വാർത്താവിനിമയ ചെലവുകൾ	151583	160000	200000

220 20 01	Books & Periodicals-പുസ്തകങ്ങളും ആനുകാലികങ്ങളും	18710	35000	40000
220 21 01	Printing & Stationery-അച്ചടിയും സ്റ്റേഷനറിയും	253349	110000	200000
220 40 01	Insurance and Registration - ഇന്ഷുറൻസ്/രജിസ്ട്രേഷൻ	19931	19518	20000
220 50 01	Audit Fees-ഓഡിറ്റ് ഫീ			5000
220 51 01	Legal Expenses -നീതി ന്യായസേവനങ്ങൾക്കുള്ള ചെലവുകൾ	15000	15000	30000
220 52 01	Professional & Other Fees -പ്രൊഫഷണൽ സേവനങ്ങൾക്കുള്ള ചെലവുകൾ	2250	28000	30000
220 60 01	Advertisement & Publicity-പരസ്യവും പ്രചരണവും	2570	2000	5000
220 61 01	Membership & Subscriptions-മെമ്പർഷിപ്/വരിസംഖ്യ	2000	5000	5000
220 70 01	Election Expenses -തെരഞ്ഞെടുപ്പ് ചെലവുകൾ	4280	45000	100000
220 71 01	Extra - ordinary Expenses -അസാധാരണ ചെലവുകൾ		10000	20000
220 80 01	Miscellaneous Administrative Expenses -മറ്റ് ഭരണ ചെലവുകൾ	331640	332000	350000
220	**Total-Administrative Expenses - ഭരണ ചെലവുകൾ -ആകെ**	**1013160**	**1051018**	**1306500**
230	**Operations & Maintenance-സംരക്ഷണവും നടത്തിപ്പും**			
230 10 01	Power-വൈദ്യുതി/ഊർജം	625149	992000	1000000
230 10 02	Diesel, Petrol, Gas & Lubricants- ഡീസൽ പെട്രോൾ , ഓയിൽ , ലൂബ്രിക്കന്റ്	50322	50000	100000
230 20 01	Bulk Purchases		0	100000
230 30 01	Consumption of Stores			5000
230 40 01	Hire Charges-വാടക		20000	25000

230 50 01	Repairs & Maintenance - Infrastructure Assets - Buildings-സംരക്ഷണവും അറ്റകുറ്റപ്പണികളും-പൊതു കെട്ടിടങ്ങൾ	0	200000	200000
230 50 02	Repairs & Maintenance - Infrastructure Assets - Roads-സംരക്ഷണവും അറ്റകുറ്റപ്പണികളും-റോഡുകൾ	10000	50000	80000
230 50 03	Repairs & Maintenance - Lanes-സംരക്ഷണവും അറ്റകുറ്റപ്പണികളും--ലെയിനുകൾ			200000
230 50 04	Repairs & Maintenance Culverts & Bridges-സംരക്ഷണവും അറ്റകുറ്റപ്പണികളും--പാലങ്ങളും കലുങ്ക്കളും		100000	100000
230 50 05	Repairs & Maintenance - Drinking Water - സംരക്ഷണവും അറ്റകുറ്റപ്പണികളും-കുടിവെള്ള പദ്ധതികൾ		300000	300000
230 50 06	Repairs & Maintenance Irrigation - സംരക്ഷണവും അറ്റകുറ്റപ്പണികളും-ജല സേചന പദ്ധതികൾ		10000	25000
230 50 07	Repairs & Maintenance - Electricity - സംരക്ഷണവും അറ്റകുറ്റപ്പണികളും-വൈദ്യുതി		100000	100000
230 50 08	Repairs & Maintenance - Waste Treatment - സംരക്ഷണവും അറ്റകുറ്റപ്പണികളും-മാലിന്യ നിർമാർജന പദ്ധതികൾ			10000
230 50 09	Repairs & Maintenance - Movable Assets - സംരക്ഷണവും അറ്റകുറ്റപ്പണികളും-ജംഗമ ആസ്തികൾ	62043	50000	60000

230 50 99	Repairs & Maintenance -Other Fixed Assets -സംരക്ഷണവും അറ്റകുറ്റപ്പണികളും-മറ്റ് സ്ഥിര ആസ്തികൾ	0	100000	100000
230 80 01	Other Operating and maintenance expenses -മറ്റ് നടത്തിപ്പ്/മെയിന്റനൻസ് ചെലവുകൾ	193411	300000	350000
230	**Total-Operations & Maintenance-നടത്തിപ്പ്/മെയിന്റനൻസ് ചെലവുകൾ-ആകെ**	**940925**	**2272000**	**2755000**
240	**Interest & Finance Charges -പലിശയും അനുബന്ധ ചെലവുകളും**			
240 50 01	Interest on loans from banks -ബാങ്ക് വായ്പകളിന്മേൽ ഉള്ള പലിശ			0
240 70 01	Bank Charges-ബാങ്ക് ചാർജ് നൽകൽ	1158	4000	5000
240	**Total-Interest & Finance Charges -പലിശയും അനുബന്ധ ചെലവുകളും-ആകെ**	**1158**	**4000**	**5000**
	TOTAL STATUTORY EXPENDITURE -അനിവാര്യ ചെലവുകൾ ആകെ	**17055673**	**19727018**	**21996500**
BS-9 - Revenue Expenditure - PLAN (പ്ലാൻ റവന്യൂ ചെലവുകൾക്ക് വേണ്ടിയുള്ള വകയിരുത്തലുകൾ)				
250	**Decentralised Plan Programme - Productive Sector**			
2501001	Agriculture and Related Sectors - Paddy-കൃഷിയും അനുബന്ധ മേഖലകളും -നെൽകൃഷി	999160	2200000	1300000
2501002	Agriculture and Related Sectors - Other crops -കൃഷിയും അനുബന്ധ മേഖലകളും-മറ്റ് വിളകൾ		100000	75000
2501011	Agriculture and Related Sectors - Vegetables-കൃഷിയും അനുബന്ധ മേഖലകളും-പച്ചക്കറി	50000	40000	0

2501013	Agriculture and Related Sectors -Tuber Crops -കൃഷിയും അനുബന്ധ മേഖലകളും-കിഴങ്ങ് വിളകൾ	400000	400000	400000
2501019	Agriculture and Related Sectors -Pepper-കൃഷിയും അനുബന്ധ മേഖലകളും-കുരുമുളക്	400000		0
2501020	Agriculture and Related Sectors -Vetal-കൃഷിയും അനുബന്ധ മേഖലകളും-വെറ്റില	600000	800000	400000
2501031	Animal Husbandry -Cow-മൃഗ സംരക്ഷണം-പശു വളർത്തൽ	611840	2579600	1160000
2501035	Animal Husbandry -Poultry- മൃഗ സംരക്ഷണം-മുട്ട കോഴി/താറാവ് വളർത്തൽ	423150	468000	540000
2501039	Animal Husbandry -Infrastructure-മൃഗസംരക്ഷണം-പശ്ചാത്തല സൌകര്യങ്ങൾ	520899	1000000	0
2501040	Animal Husbandry -Disease Control -മൃഗ സംരക്ഷണം-രോഗ നിയന്ത്രണം	22446	140000	560000
2501041	Animal Husbandry -Related Facility -മൃഗ സംരക്ഷണം-അനുബന്ധ സൌകര്യങ്ങൾ		550000	0
2501046	Dairy Development -Storage and Marketing -ക്ഷീര വികസനം-സംഭരണവും വിപണനവും	72783		250000
2501052	Inland -Pisciculture-ഉൾനാടൻ മത്സ്യ കൃഷി	56000	494000	244000
2502001	Soil and Water Conservation - മണ്ണ് ജല സംരക്ഷണം		250000	0
2502006	Water Conservation-ജല സംരക്ഷണം	1191401	5414000	5779000
2503001	Small scale industries and Micro enterprises -ചെറുകിട വ്യവസായങ്ങളും സൂക്ഷ്മ സംരംഭങ്ങളും		233250	500000

2504001	Environment Conservation -പ്രകൃതി സംരക്ഷണം			300000
2504002	Interventions in Environmental Sector -പ്രകൃതി സംരക്ഷണത്തിന് വേണ്ടിയുള്ള മറ്റ് ഇടപെടലുകൾ			150000
2505005	Biogas Plant-ബയോഗ്യാസ് പ്ലാന്റ്	160000		0
250	**Total-Decentralised Plan Programme - Productive Sector-ഉത്പാദന മേഖല ആകെ**	**5507679**	**14668850**	**11658000**
251	**Decentralised Plan Programme - Service Sector - സേവന മേഖല**			
2510115	Literacy Equivalance Examination -സാക്ഷരത - തുല്യതാ പരീക്ഷ	64105	17500	50000
2511001	Pre-primary Education -പ്രീ-പ്രൈമറി വിദ്യാഭ്യാസം	465000	1810180	800000
2511002	Primary Education-പ്രൈമറി വിദ്യാഭ്യാസം		4223755	1000000
2511006	SSA & Other Educational Programs -സർവ ശിക്ഷ അഭിയാനും മറ്റ് വിദ്യാഭ്യാസ പരിപാടികളും	630000	699750	0
2511007	Sports-സ്പോർട്സ്			200000
2511008	Youth Welfare-യുവജനക്ഷേമം		150000	150000
2511009	Reading Rooms and Libraries -വായന ശാലകളും റീഡിംഗ് റൂമുകളും		200000	0
2511010	Arts and Culture-കല-സംസ്കാരം			200000
2511015	Reading Rooms ,Libraries - Books-വായന ശാലകളും റീഡിംഗ് റൂമുകളും-പുസ്തകങ്ങൾ		100000	0
2511016	Reading Rooms ,Libraries - Periodicals-വായന ശാലകളും റീഡിംഗ് റൂമുകളും-ആനുകാലികങ്ങൾ			100000

2511019	Arts,Culture,Sports and Youth Welfare -Promotion-കല-സംസ്കാരം-സ്പോട്സ്-യുവജന ക്ഷേമം-പ്രോത്സാഹന പരിപാടികൾ		150000	0
2512001	PHC, CHC &Other Hospitals /Dispensaries-ഹെൽത്ത് സെന്ററുകൾ/ആസ്പത്രികൾ/ഡിസ്പന്സറികൾ	558950	400000	1600000
2512002	Public Health Programs -പൊതു ആരോഗ്യ പരിപാടികൾ	300000	363982	500000
2512003	Health related Special Programs -പ്രത്യേക ആരോഗ്യ പരിപാടി	1641060	200000	1400000
2512004	Medicines-മരുന്നുകൾ	575819	725972	1015000
2512005	Hospital Waste Management -ആസ്പത്രി മാലിന്യ പരിപാലനം	14784	15000	30000
2512007	Other Programs in Health Sector -മറ്റ് ആരോഗ്യ പദ്ധതികൾ	32700		0
2512008	Drinking Water-കുടിവെള്ളം		433000	250000
2512009	Sanitation-ശുചിത്വം		2992366	5419000
2512011	Community Health Sub centers -കമ്മ്യുണിറ്റി ഹെൽത്ത് സബ് സെന്റർ		3695000	0
2512014	Ayurveda Dispensary -ആയുർവേദ ഡിസ്പന്സറി	700000	1400000	1150000
2512018	Homeo Dispensary -ഹോമിയോ ഡിസ്പന്സറി	200000	673755	500000
2512025	Drinking Water - Public-പൊതു കുടിവെള്ള വിതരണം	38824	440000	300000
2512026	Sanitation & Waste Management - Public-പൊതു ശുചിത്വം-മാലിന്യ പരിപാലനം	987872	9083785	2000000
2512027	Crematorium- ശ്മശാനങ്ങൾ		100000	1000000
2513001	Housing-ഭവന നിർമാണം	17677500	89008100	30080000

2513004	Electrification-വൈദ്യുതീകരണം.		242000	0
2513005	Programs for the Aged -വൃദ്ധക്ഷേമ പരിപാടികൾ		200000	300000
2513006	Programs for Physically / Mentally Challenged -ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പരിപാടികൾ	2734430	3461200	3725000
2513007	Welfare Programs for the Destitute -അഗതി ക്ഷേമ പരിപാടികൾ	32256	1707500	1307513
2513008	Total Poverty Alleviation Programs -ദാരിദ്ര്യ ലഘൂകരണ പരിപാടികൾ	18064813	19000000	32000000
2513009	Women's Welfare Programs -വനിതാ ക്ഷേമ പരിപാടി	125000	2200000	2500000
2513010	Special Programs for Scheduled Castes -പട്ടിക ജാതി ക്ഷേമ ത്തിനുള്ള പ്രത്യേക പരിപാടികൾ	1182500	3317781	3000000
2514002	Special Child Welfare Program -പ്രത്യേക ശിശുക്ഷേമ പരിപാടികൾ	37634	50000	420000
2514101	Anganwadi Nutrition -അംഗൻവാടി പോഷകാഹാര പരി പാടി	6142356	6300000	6700000
2514201	Anganwadi Infrastructure -അംഗൻവാടി പശ്ചാത്തല സൌകര്യങ്ങൾ	1226400	1725000	1000000
2514202	Anganwadi Related Services -അംഗൻവാടി അനുബന്ധ സൌകര്യങ്ങൾ	128800	1844000	750000
2516005	General Economic Services - Plan Formulation , Monitoring and Evaluation -പദ്ധതി രൂപീകരണം ,മോണിറ്ററിംഗ്	115080	215060	150000
2516006	General Economic Services - Good Governance -സൽ ഭരണം	266737	805850	329200

2516007	General Economic Services - Computerisation of LSGIs and Transferred Institutions -തദ്ദേശ ഭരണ സ്ഥാപനങ്ങളുടെയും ഘടക സ്ഥാപനങ്ങളുടെയും കമ്പ്യൂട്ടർ വൽക്കരണം	69844		0
2516008	General Economic Services - Other Plan Expenditure - മറ്റ് പ്ലാൻ ചെലവുകൾ	180880		0
2516501	Local Government Service Delivery Improvement			126400
2516502	Transferred Institution Service Delivery Improvement- ഘടക സ്ഥാപനങ്ങളിൽ നിന്നുള്ള സേവന സൌകര്യങ്ങൾ വർധിപ്പിക്കൽ	33340	430120	800000
251	**Total-Decentralised Plan Programme - Service Sector**	**54226684**	**158380656**	**100852113**
252	**Decentralised Plan Programme - Infrastructure Sector**			
2521001	Energy - Electrification of Street Lights -തെരുവ് വിളക്കുകളുടെ വൈദ്യുതീകരണം	95981	1497828	700000
2522001	Roads-റോഡുകൾ	2359665	1890755	5000000
2522002	Lanes -ലയിനുകൾ		90918	1000000
2522004	Culverts and Causeways -കലുങ്കുകളും ചപ്പാത്തുകളും		597240	0
2522012	Other Programs in Infrastructure Sector - പശ്ചാത്തല മേഖലയിലെ മറ്റ് പ്രവർത്തനങ്ങൾ	2011035		0
2523001	Public Buildings- പൊതു കെട്ടിടങ്ങൾ	1149238	368000	0
2523102	Other Constructions - Side Walls -മറ്റ് നിർമിതികൾ-പാർശ്വ ഭിത്തി		598160	0
252	**Total-Decentralised Plan Programme - Infrastructure Sector**	**5615919**	**5042901**	**6700000**

253	**Projects not included in Sector Division**			
2531001	Drinking Water related Projects -കുടിവെള്ളം-അനുബന്ധ പ്രൊജെക്ടുകൾ			600000
2531009	Computerisation of Panchayats - പഞ്ചായത്തുകളുടെ കമ്പ്യൂട്ടർവൽക്കരണം		375000	0
2531011	Contribution towards SSA - SSA പദ്ധതിക്കുള്ള വിഹിതം			700000
2531012	Payments to IKM -ഐ.കെ.എംനുള്ള പണം നൽകൽ	997767	90000	100000
2531014	Payments to Drinking Water - കുടിവെള്ളത്തിനുള്ള പണം നൽകൽ			250000
253	**Total-Projects not included in Sector Division**	**997767**	**465000**	**1650000**
255	**Maintenance Projects**			
255 10 01	Maintenance Projects - Road Assets -റോഡ് ആസ്തികൾക്കുള്ള മെയിന്റനൻസ് പ്രോജക്ടുകൾ	4011040	45325463	7500000
255 20 17	Maintenance Projects - Non Road Assets - Other Transferred Assets --റോഡ് ഇതര ആസ്തികൾക്കുള്ള മെയിന്റനൻസ് പ്രോജക്ടുകൾ -മറ്റ് ആസ്തികൾ		15000000	2000000
255	Total-Maintenance Projects -മെയിന്റനൻസ് പ്രോജക്ടുകൾ-ആകെ	4011040	60325463	9500000
256	Other Revenue Grants and funds - Revenue Expenses-മറ്റ് റവന്യു ഗ്രാന്റുകളും ഫണ്ടുകളും			

256	**Other Revenue Grants and funds - Revenue Expenses-Total-മറ്റ് റവന്യൂ ഗ്രാന്റുകളും ഫണ്ടുകളും -ആകെ**	**0**	**0**	**0**
260	**Grants, Contributions and Compensations from Own Fund**			
260	**Grants, Contributions and Compensations from Own Fund-total**	**0**	**0**	**0**
	Total-Revenue Expenditure -PLAN-പ്ലാൻ റവന്യൂ ചെലവുകൾ ആകെ	**70359089**	**238882870**	**130360113**
BS-10- Revenue Expenditure-B FUND & STATE SPONSORED SCHEMES (നോൺ-പ്ലാൻ റവന്യൂ ചെലവുകൾക്ക് വേണ്ടിയുള്ള വകയിരുത്തലുകൾ)				
254	**Expenditures of Transferred Institutions (not included under Decentralised Plan Programme)**			
254 20 01	State Sponsored Schemes (not included under Decentralised Plan Programme)-സംസ്ഥാന ആവിഷ്കൃത പദ്ധതികൾക്കുള്ള നോൺ പ്ലാൻ ചെലവുകൾ	50000000	55000000	65000000
254	**Total-Expenditures of Transferred Institutions (not included under Decentralised Plan Programme)**	**50000000**	**55000000**	**65000000**
BS-11CAPITAL EXPENDITURE - LOAN REPAYMENTS (വായ്പ തിരിച്ചടവിനു വേണ്ടിയുള്ള വകയിരുത്തലുകൾ)				
330	**Loans**			
	Total-loans - ആകെ വായ്പ തിരിച്ചടവ്	**0**	**0**	**0**
BS-12- CAPITAL EXPENDITURE - OTHER THAN LOAN REPAYMENTS (മൂലധന ചെലവുകൾക്ക് വേണ്ടിയുള്ള വകയിരുത്തലുകൾ)				
410 10 01	Land (ഭൂമി)			10000000
410 20 01	Buildings (പൊതു കെട്ടിടങ്ങൾ)		800000	5000000
410 30 01	Roads (റോഡുകൾ)		29708079	5000000

410 30 02	Lanes (ഇടവഴികൾ)		1000000	1000000
410 60 01	Electricity (വൈദ്യുതി)		500000	1000000
410 70 01	Waste Treatment (മാലിന്യ സംസ്കരണം)		3000000	5000000
410 71 01	Movable Assets (ജംഗമ സ്വത്തുകൾ)		1200000	3400000
410 80 01	Other Fixed Assets (മറ്റ് സ്ഥിര ആസ്തികൾ)		2000000	5000000
TOTAL CAPITAL EXPENDITURE - ആകെ മൂലധന ചെലവുകൾ		0	38208079	35400000
BS-13 - RECEIPT AND REFUND OF DEPOSIT (ഡപോസിറ്റ് വരവും, മടക്കി നൽകലും)				
3401001	Earnest Money Deposit-നിരതദ്രവ്യം		100000	100000
3401003	Retention-റിടെന്ഷൻ		50000	50000
3402001	Deposits-Revenue-റവന്യു നിക്ഷേപങ്ങൾ		50000	50000
110	**ആകെ**		**200000**	**200000**